അത് മറ്റുള്ളവരെ ബുദ്ധിമുട്ടിക്കും. ഒരിക്കലും വേണ്ടേരുന്നു. ഏറ്റവും നല്ല ദശകൾ ബാല്യവും കൗമാരവും ആണ്. വാർദ്ധക്യം വയ്യ.

ഇക്കഴിഞ്ഞ മിഥുനത്തിലെ കാർത്തിക നക്ഷത്രത്തിൽ 79 വയസ്സ് തികഞ്ഞു. യാത്രകൾ കുറച്ചു. അല്ലെങ്കിൽ എല്ലാ വർഷവും വിജയദശമിയുടെ തലേന്നാൾ തന്നെ തുഞ്ചൻപറമ്പിൽ പോകാറുണ്ട്. ഈ വർഷം പോകാനായില്ല. ഇടയ്ക്ക് ചൊവ്വല്ലൂർ ശിവക്ഷേത്രത്തിൽ പോയി തേവരെ തൊഴും. തട്ടകത്തെ അമ്മയായ കണ്ടാണിശ്ശേരി ഭഗവതിയേയും.



സെർവിക്കൽസ്പോണ്ടുലൈറ്റിസാണ്. പിന്നെ കണ്ണവാതവും ഇടയ്ക്കിടെ തലചുറ്റും. എപ്പോഴാണ് വര്വാ എന്നറിയില്ല. വളരെ സൂക്ഷിച്ചാണ് ജീവിതം. ഒട്ടേറെ ശാഠ്യങ്ങളുള്ള ആളായിരുന്നു ഞാൻ. രണ്ടുവർഷം മുമ്പ് ഭാര്യ മരിച്ചതോടെ ശാഠ്യങ്ങളൊക്കെ തീർന്നു. ഇപ്പോ ഒന്നിനും ഏതിനും നിർബന്ധങ്ങളില്ല. പകൽ കണ്ടാണിശ്ശേരി കുന്നിൻപുറത്തുള്ള 'ഗിരി' എന്ന വീട്ടിൽ തനിച്ചാണ്. കണ്ടാണിശ്ശേരി പഞ്ചായത്തിൽ ക്ലാർക്കായ ഇളയമകൾ അമിതയും കുടുംബവും കൂട്ടിനുണ്ട്. ഉച്ചയ്ക്ക് മുമ്പായി ചായയിട്ടുതരാൻ അടുത്തുതന്നെയുള്ള ബന്ധത്തിൽ പെട്ട ഒരു സ്ത്രീ വരും. പിന്നെ സ്വപ്നങ്ങൾ കണ്ട് സമയം കൊന്ന് അങ്ങിനെയിരിക്കും. വായന കുറവാണ്.

### രോഗപീഢ

വി. കെ. എന്ന് ജ്യോതിഷം അഗാധമായിട്ടറിയാം. വി. കെ. എൻ പറഞ്ഞത് രോഗപീഢ എന്റെ ജീവിതത്തില് ആദ്യാവസാനമാണ് എന്നാണ്. വി. കെ. എൻ ഭാഷയില് 'തട്ടി പോകാനുള്ള സാധ്യത' പലതവണ ഉണ്ടായിരുന്നു. ആലോചിക്കുമ്പോൾ ശരിയാണെന്ന് എനിയ്ക്കും തോന്നുന്നു.

രോഗങ്ങളും എന്നും കൂടെയുണ്ടായിരുന്നു. 16 വയസ്സ് വരെ കരപ്പന്റെ ശല്ല്യായിരുന്നു. 22ാം വയസ്സിൽ തുടങ്ങിയ വയറുവേദന 47-ാം വയസ്സിൽ ചൂണ്ടൽ മിഷ്യൻ ആശുപത്രിയിലെ ഡോ. ആർ. മോഹനൻ അൾസറാണെന്ന് കണ്ടെത്തി ഓപ്പറേഷൻ ചെയ്യുന്നതുവരെ തുടർന്നു. പട്ടാളത്തിൽ എന്റെ വയറുവേദന മാലിങ്കറി (ഇല്ലാത്ത രോഗം ഉണ്ടെന്ന നാട്യം) നടപടിയെടുക്കുന്നതിന് കാരണമായിട്ടുണ്ട്. ഇന്നും ഡോ. മോഹനൻ കാണപ്പെട്ട ദൈവമാണ് എനിയ്ക്ക്.



# ഒരിക്കലും വേണ്ടേരുന്നു

## കോവിലൻ

ശരീരമാകെ നീരുവന്ന് കുന്ദംകുളം ഗവ. ആശുപത്രിയിൽ പോയതാണ് ആദ്യത്തെ ആശുപത്രി ഓർമ്മ.

ഇപ്പോൾ മൂന്നു നേരം അരിഭക്ഷണമാണ്. പിന്നെ ചായ,സിഗരറ്റ്. ഭാര്യയ്ക്ക് നല്ല പ്രമേഹായിരുന്നു. എനിക്ക് പാരമ്പര്യരോഗങ്ങളൊന്നുമില്ല. പച്ചക്കറിയാണ് ഭക്ഷണം. പട്ടാളത്തിൽ പോയിരുന്നപ്പോൾ വല്ലപ്പോഴും കുടിക്കുമായിരുന്നു. എന്നാൽ ഒരിക്കലും ഒരു മദ്യപാനിയായിരുന്നിട്ടില്ല.

### മെഡിക്കൽ എത്തിക്സ്

ഏറ്റവും വലിയ രാഷ്ട്രീയ നേതാക്കൾക്കു പോലുമില്ലാത്ത എത്തിക്സ് ഡോക്ടർക്കെന്തിന്? എന്റെ അറിവിൽ ധർമ്മിഷ്ഠരായ ഒരു നേതാവും ഈ ഇന്ത്യാ മഹാരാജ്യത്തിലില്ല. സമൂഹം മണി ഓറിയന്റഡ് ആണ്. പിന്നെന്തിനാ ഡോക്ടർമാരെ പറയുന്നത്. വൃക്കമോഷണം ആരോപിക്കപ്പെട്ട ആശുപത്രി മുതലാളിയുടെ കാറിൽ ആരോഗ്യമന്ത്രി കയറിയെന്നു പറയുന്നു. മണിച്ചന്റെ കാറിൽ മുഖ്യമന്ത്രിയുടെ കുടുംബം പോയി എന്ന ആരോപണം വന്നില്ലെ. അതിലും വലുതല്ലല്ലോ ഇത്.

സർക്കാരിന് എന്ത് ചെയ്യാൻ കഴിയും? പണമുണ്ടോ അവരുടെ കൈയ്യിൽ? ചെയ്യാൻ കഴിയുമായിരിക്കാം. എനിക്ക് ഭരണനിർവ്വഹണത്തെ പറ്റി ഒന്നുമറിയില്ല.

### നാട്ടുവൈദ്യം

അഞ്ച് സെന്റിന്റേയും മൂന്നര സെന്റിന്റേയും കാലമാണ്. അവിടെ എന്ത് നാട്ടുമരുന്ന്? ദശമൂലത്തിൽ എട്ടും എന്റെ വീട്ടിലെ കണ്ടുതടത്തിൽ നിന്നു കിട്ടുമായിരുന്നു. രണ്ട് എണ്ണമേ പെട്ടിമരുന്നുകടയിൽ നിന്ന് വാങ്ങേണ്ടിവന്നിരുന്നുള്ളൂ. ഇപ്പോ കിട്ടുമോ? ആടലോടകവും തേന്നരായവും വേലിത്തറിയായിരുന്നു. കിഴാർനെല്ലി, പൂവാംകുരുന്നില അങ്ങനെ എത്രയെത്ര നാട്ടുമരുന്നുകൾ ഇവിടെ ഒക്കെ ഉണ്ടായിരുന്നു. ഇന്നതിനെ കളയായി കാണുന്നു. ഇപ്പോൾ ഈ പറമ്പിൽ ശതാവരിയും ഇത്തളുമൊക്കെ ഉണ്ട്. പക്ഷെ, മറ്റുള്ളിടത്തോ?

വൈദ്യന്മാരാകട്ടെ ടെക്നോളജിക്കനുസരിച്ച് വളർന്നില്ല. 50-60 കൊല്ലം മുമ്പേ അവർ രോഗികളോട് ആശുപത്രിയിലേക്ക് പൊക്കോളൂ എന്നു പറഞ്ഞ് കൈയ്യൊഴിഞ്ഞുതുടങ്ങി. നമ്മുടെ വൈദ്യത്തിന് 1000-2000 വർഷങ്ങളുടെ പഴക്കമുണ്ട്. എന്നോ നിർണ്ണയിക്കപ്പെട്ട ഏതോ ജീവിത സാഹചര്യത്തിൽ ഭാരതത്തിലും ഇവിടെ കേരളത്തിലും എങ്ങനെയെല്ലാം ഔഷധങ്ങളുണ്ടാക്കാം എന്ന ധാരണക്കനുസരിച്ച് തന്നെയാണ് ഇന്നും. രോഗങ്ങളുടെ സ്വഭാവം പാടെ മാറിപ്പോയിരിക്കുന്നു. അതിനനുസരിച്ച് മാറാൻ നമ്മുടെ വൈദ്യം തയ്യാ

റായിട്ടില്ല.

നമ്മുടെ ജീവിതശൈലിയും മാറി. ഇവിടെ മൂന്നു മക്കൾക്കായി 4 കുട്ടികളുണ്ട്. അവരുടെ മുഖ്യ ആഹാരം ടിൻഫുഡ്ഡും ബേക്കറിഫുഡ്ഡുമാണ്. വെജിറ്റബിൾ വേണ്ട.

## സാമൂഹ്യജീവിതം

നാട്ടുമരുന്നുകൾ അന്യം നിന്നത് പോലെ കുറേ നന്മകളും ഇല്ലാതായി. സാമൂഹ്യജീവിതം എന്നത് ഇല്ലാതെ ഓരോ കുടുംബവും ഒറ്റപ്പെട്ടുപോയി. ഇപ്പോൾ താമസിക്കുന്ന കുന്നിന്റെ താഴെയായിരുന്നു പഴയ വീട്. വിളിപ്പുറത്ത് 5 വീട്ടുകാർ. ഓരോ കുടുംബവും അത്താഴത്തിനു മുമ്പ് കൂക്കിടും. ഭക്ഷണം കഴിക്കാൻ ആരെങ്കിലുമുണ്ടെങ്കിൽ വരാനുള്ള ക്ഷണമാണ്. ഒരു കുടുംബത്തിൽ നിന്ന് കൂക്ക് കേട്ടില്ലെങ്കിൽ അന്ന് അവിടെ ഭക്ഷണം വെച്ചിട്ടില്ല എന്നാണ്. മറ്റുള്ളവർ അത് അറിഞ്ഞെത്തും. അതുപോലെ ഓരോ വീട്ടിലില്ലാത്തതും അടുത്ത വീട്ടിൽ നിന്ന് കടം ചോദിക്കും. പ്രധാനം തീ തന്നെയാണ്. ഉമി അടുപ്പത്തിട്ടാണ് തീ കെടാതെ നിർത്തുക. ഉമിയില്ലാത്ത വീട്ടുകാർ ഇത്തിരി തീ ചോദിച്ച് ചകിരിപ്പൊളിയുമായി അടുത്ത വീട്ടിലെത്തും. ഇന്ന് അത്തരം കുടുംബബന്ധങ്ങളില്ല. എല്ലാം റെഡിമെയ്ഡ് പാക്കറ്റുകളായി. ബന്ധങ്ങളും.

## കാനേഷുമാരിയില്ലാത്ത മരണം

മനുഷ്യന് ഒന്നും ചെയ്യാൻ സാധിക്കില്ല എന്ന് മനസ്സിലാക്കിയത് ഹിമാലയം കണ്ടപ്പോഴാണ്. അതുവരെയുണ്ടായിരുന്ന ജീവിതസമീപനമൊക്കെ മാറി. വെട്ടിപ്പിടിക്കാനുള്ള ആശ മുമ്പും ഉണ്ടായിരുന്നില്ല. മനുഷ്യന്റെ കഴിവ് പ്രകൃതിയുടെ മഹാശക്തിയുടെ മുമ്പിൽ വളരെ പരിമിതം എന്നുതോന്നി. ശിവനോടുള്ള ആരാധനയും അങ്ങനെ ഉണ്ടായതാണ്.

സിക്കിമിൽ സൈനികക്യാമ്പിൽ സിഗ്നൽ വിഭാഗത്തിൽ ജോലി ചെയ്യുമ്പോഴാണ് പ്രകൃതിയുടെ ശക്തി അറിയുന്നത്. ഭയങ്കര ഇടിവെട്ടുള്ള ഒരു രാത്രി. അവിടെ ഇടിവെട്ടി ദേവതാരു മരങ്ങളൊക്കെ നിന്ന് കത്തും. നോക്കിനിൽക്കുമ്പോൾ മുകളിലെ ക്യാമ്പിൽ നിന്ന് 4 പേർ ചേർന്ന് ഒരു സുഹൃത്തിനെ താങ്ങിക്കൊണ്ടുവരുന്നു. മരിച്ചതാണ്, ഇടിവെട്ടലിൽ. മരിച്ചിരിക്കുന്നു എന്ന് കൂടെയുള്ളവർ അറിഞ്ഞിട്ടില്ല. ശരീരം ചൂടാറിയിട്ടില്ല. ഹോസ്പിറ്റലിലേക്ക് ഫോൺ ചെയ്യാൻ പറഞ്ഞു. പക്ഷെ ലൈനുകളൊക്കെ പോയിരിക്കുന്നു. അവർ ആ ശരീരവും താങ്ങി താഴേക്കു പോയി. ഞാൻ വീണ്ടും കുറേനേരം ടെന്റിന്റെ പുറത്തുതന്നെ നിന്നു; ഇടിവെട്ടലിന്റെ സൗന്ദര്യവും കണ്ട്. ഇപ്പോൾ ആലോചിക്കുമ്പോൾ തോന്നും എന്ത് വിഡ്ഢിത്തരമാണ് അന്ന് കാണിച്ചത്.

സൈന്യത്തിലെ വർക്കിങ്ങ് ഡിവിഷനുകളുണ്ട്. അതിൽ കരാർ തൊഴിലാളികളാണ്. വെള്ളത്തിന്റെ ലഭ്യത നോക്കി അരുവിയുടെ കരകളിലാണ് അവർ ക്യാമ്പ് ചെയ്യുക. ഒരു മഴവെള്ളപ്പാച്ചിലിൽ അങ്ങിനെ ഒരു ക്യാമ്പ് മൊത്തം ഒലിച്ചുപോയി. മരിച്ചവരെത്ര? വ്യക്തമായ കണക്കില്ല. അവിടത്തെ മരണങ്ങളൊക്കെ അങ്ങിനെയാണ്. കാനേഷുമാരിയില്ല.

അച്ഛൻ 92-ാം വയസ്സിലാണ് മരിച്ചത്. അവശനായിട്ടുണ്ടായിരുന്നു. പക്ഷെ, കുളിച്ചുവന്ന് കുറിതൊട്ട് കിടന്നതാണ്. നല്ല ഭാഗ്യം ഉള്ള മരണം. എനിക്ക് 82 വയസ്സ് വരെയാണ് ജാതകം എഴുതിയിരിക്കുന്നത്. അതിനുമുമ്പ് തട്ടകത്തിന്റെ രണ്ടാം ഭാഗം പൂർത്തിയാക്കണമെന്നുണ്ട്.

വർഷങ്ങളായി എഴുതാറില്ല, പറഞ്ഞ് കൊടുത്ത് എഴുതിക്കുകയാണ് പതിവ്. അതിനായി പലരെയും അന്വേഷിക്കുന്നുണ്ട്. പക്ഷെ ആരെങ്കിലും ഈ കുന്ന് കയറി വരുമോ?

## വിജ്ഞാന ശകലങ്ങൾ

അഷ്ടഗന്ധം
അകിൽ, ചന്ദനം, ഗുൽഗുലു, മാഞ്ചി, കുങ്കുമം, കൊട്ടം, രാമച്ചം, ഇരുവേലി.

അഷ്ടചൂർണ്ണം
ചുക്ക്, കുരുമുളക്, തിപലി, അയമോദകം, ജീരകം, കരിംജീരകം, ഇന്തുപ്പ്, പെരുങ്കായം ഇവ ചേർത്ത് പൊടിക്കുന്നത്

ദശപുഷ്പങ്ങൾ
പൂവാംകുരുന്നില, മുയൽ ചെവിയൻ, കറുക, നിലപ്പന, കയ്യുണ്ണി, മുക്കുറ്റി, വിഷ്ണുക്രാന്തി, ചെറൂള, തിരുതാളി, ഉഴിഞ്ഞ.

നവദ്വാരം
ചെവി (2), കണ്ണ് (2), മൂക്കിന്റെ ദ്വാരം (2), വായ്, ഗുദം, ഗുഹ്യം.

പഞ്ചഗവ്യം
പാൽ, തൈര്, നെയ്യ്, ഗോമൂത്രം, ചാണകം,

സമ്പാദകൻ: സി. എ. ശശിധരൻ നായർ

പ്രശസ്ത വാക്സിൻ ഗവേഷകനായ
അലൻ ഫിലിപ്പ്
*'ഡി സ്പെല്ലിങ്ങ് വാക്സിനേഷൻ മിത്ത്'*
എന്ന പഠനം മലയാളത്തിൽ
ചർച്ച ചെയ്യുന്ന ആദ്യ പുസ്തകം

**വാക്സിനേഷൻ എന്ന അന്ധവിശ്വാസം**

തയ്യാറാക്കിയത് : സാജൻ - സിന്ധു

**'ഹരിതകം'**

യുണൈറ്റഡ് കോംപ്ലക്സ്
മാവൂർ റോഡ്, കോഴിക്കോട്
0495-727359 (PP)